നം.എ1/22222/2019/ഡി.ജി.ഇ

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, തിരുവനന്തപുരം.
തീയതി: 08.**08.2019**
***E.mail –aandbdpi@gmail.com***

# സർക്കുലർ- II

വിഷയം:- പൊ.വി - ജീവനക്കാര്യം -2019-20 അദ്ധ്യയന വർഷം -അദ്ധ്യാപകരുടെ അന്തർജില്ലാ സ്ഥലമാറ്റ നടപടികൾക്കായുള്ള തീയതികൾ പുതുക്കി - നിശ്ചയിച്ചത് -സംബന്ധിച്ച്.

സൂചന;- 11/07/2019 തീയതിയിലെ ഈ കാര്യാലയത്തിലെ സർക്കുലർ നം.- എ1/22222/2019/ഡിജിഇ.

. . . .

മേൽ സൂചന സർക്കുലർ പ്രകാരം 2019-20 വർഷത്തേക്കുള്ള അന്തർജില്ലാ സ്ഥലംമാറ്റ ത്തിന് ഓൺലൈനിൽ അപേക്ഷ ക്ഷണിച്ചുകൊണ്ടുള്ള തീയതികൾക്കുള്ളിൽ നടപടികൾ പൂർത്തിയാക്കാൻ സാധിക്കുന്നില്ല എന്നുള്ള പരാതികൾ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും ലഭിച്ച സാഹചര്യത്തിൽ അന്തർ ജില്ലാ സ്ഥലംമാറ്റത്തിനുള്ള നടപടി ക്രമങ്ങളുടെ തീയതികൾ താഴെ പറയുന്ന വിധം പുന:ക്രമീകരിച്ചിരിക്കുന്നു.

1. ഓരോ ജില്ലകളിലെയും ഓരോ തസ്തികകളിലേയും ഒഴിവുകളുടെ വ്യക്തമായ കണക്ക് നിശ്ചിത മാതൃകയിൽ 13/08/2019 തീയതിക്ക് മുമ്പായി വെബ്സൈറ്റിൽ ഉൾപ്പെ ടുത്തേണ്ടതാണ്.
2. അപേക്ഷ സമർപ്പിക്കുന്നതിനുള്ള സമയ പരിധി സർക്കുലർ-II **ഉത്തരവ് തീയതി മുതൽ 14/08/2019** വരെ .
3. സ്കൂൾതലത്തിലും വിദ്യാഭ്യാസ ഉപജില്ലാതലത്തിലും അപേക്ഷകൾ പരിശോധിക്കുന്നതിന് അനുവദിച്ച സമയം **17/08/2019** വരെ.
4. വിദ്യാഭ്യാസ ഉപഡയറക്ടർതലത്തിൽ അപേക്ഷ പരിശോധിക്കുന്നതിനും സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കുന്നതിനും അപേക്ഷകളിലെ ന്യൂനതകൾ പരിഹരിക്കുന്നതിന് അപേക്ഷകരോ പ്രധാനാദ്ധ്യാപകർ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ എന്നിവർ രേഖാമൂലം ആവശ്യപ്പെടുന്ന തിരുത്തലുകൾ അനുവദിക്കുന്നതിനും നിശ്ചയിച്ചിട്ടുള്ള സമയപരിധി **22/08/2019 വരെ**.

5. ജില്ലയിൽ ഓരോ തസ്തികയിലേക്കും ലഭിച്ച അപേക്ഷകളുടെ വിശദാംശങ്ങൾ (സീനിയോറിറ്റി) അടങ്ങിയ സംക്ഷിപ്ത രൂപം (താൽക്കാലിക സീനിയോറിറ്റി ലിസ്റ്റ്) പ്രസിദ്ധീകരിക്കുന്നതിനുള്ള അവസാന തീയതി **26/8/2019.**

**6.** സീനിയോറിറ്റി ലിസ്റ്റ് സംബന്ധിച്ച് അപേക്ഷകർക്ക് ആക്ഷേപം സമർപ്പിക്കുന്നതിനുള്ള സമയപരിധി **29/8/2019** വരെ.

**7.** ആക്ഷേപങ്ങൾ പൂർണ്ണമായി പരിഹരിച്ച് അന്തിമ സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിനുള്ള അവസാന തീയതി **2/09/2019.**

**8.** ഹൈസ്കൂൾ അധ്യാപകർ, പ്രൈമറി അധ്യാപകർ എന്നിവരുടെ താൽക്കാലിക സ്ഥലംമാറ്റ ഉത്തരവ് പുറപ്പെടുവിക്കുന്നതിനുള്ള അവസാന തീയതി **3/09/2019.**

9. താൽക്കാലിക സ്ഥലംമാറ്റ ഉത്തരവിൽ ആക്ഷേപം സമർപ്പിക്കുവാൻ അനുവദിച്ചിരിക്കുന്ന സമയപരിധി **4/09/2019** വരെ.

10. ഹൈസ്കൂൾ അധ്യാപകർ, പ്രൈമറി അധ്യാപകർ എന്നിവരുടെ അന്തിമ സ്ഥലംമാറ്റ ഉത്തരവ് പുറപ്പെടുവിക്കുന്നതിനുള്ള അവസാന തീയതി **6/09/2019.**

പുതുക്കി നിശ്ചയിച്ച സമയക്രമം കൃത്യമായി പാലിക്കുവാൻ വിദ്യാഭ്യാസ ഉപഡയറക്ടർമാർ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ, ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ എന്നിവർ വഴി എല്ലാ സ്കൂളുകളിലും സർക്കുലർ എത്തിക്കുവാൻ വിദ്യാഭ്യാസ ഉപഡയറക്ടർമാർ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

**ജീവൻബാബു.കെ ഐ.എ.എസ്.**
**പൊതു വിദ്യാഭ്യാസ ഡയറക്ടർ**

പകർപ്പ്:-

1) എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും
2) എക്സിക്യൂട്ടീവ് ഡയറക്ടർ, KITE, പൂജപ്പുര, തിരുവനന്തപുരം.

} സമയ പരിധിക്കുള്ളിൽതന്നെ. സർക്കുലർ ബന്ധപ്പെട്ട ഓഫീസുകളിൽ ലഭ്യമാക്കേണ്ടതാണ്.

3) എല്ലാ ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാക്കും
4) എല്ലാ പ്രധാനാദ്ധ്യാപകർക്കും.
5) എ3/എ5/എ6 സെക്ഷൻ,

} ബന്ധപ്പെട്ട വിദ്യാഭ്യാസ ഉപഡയറക്ടർ മുഖേന

6) കരുതൽ ഫയൽ.